പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3015 15/02/2013 ൽ മറുപടിയ്ക്ക്

## പുതിയ വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം. പി. വിൻസന്റ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ വില്ലേജ് ഓഫീസുകൾ അനുവദിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. റവന്യൂ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റായ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ജനപ്രതിനിധികളുടെയും പ്രാദേശിക സംഘടനകളുടെയും നിരന്തരമായ ആവശ്യത്തെ തുടർന്ന് ഭരണപരമായ സൗകര്യവും പൊതുജനങ്ങൾക്ക് മികച്ച സേവനവും ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; | (സി) പുതിയ വില്ലേജ് ഓഫീസുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയേയും നിയോഗിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) സംസ്ഥാനത്ത് പുതിയ വില്ലേജ് ഓഫീസുകൾ രൂപികരിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ ശുപാർശ പരിശോധിച്ച് വരുന്നു. കൂടാതെ പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന് വില്ലേജുകളുടെ അതിർത്തി പുനർ നിർണ്ണയിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനവും കരട് തിരുത്തൽ വിജ്ഞാപനവും ലഭ്യമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**